ങ്ങൾ അടഞ്ഞു കിടക്കുന്നു. സർവകലാശാലകളിൽ പരീക്ഷകൾ നടക്കുന്നില്ല.

ജീവനാണല്ലോ മുഖ്യം. അതിനു് ഉറപ്പില്ലെങ്കിൽ, സാമ്പത്തികമോ, രാഷ്ട്രീയമോ, സാംസ്കാരികമോ ആയ വല്ല പ്രവർത്തനവും നടക്കുമോ?

(19 ജൂലൈ, 1984)

## 23. പഞ്ചാബിൽ ദൃഢത

പഞ്ചാബിൽ ഇനി എന്തു്?

ജൂലൈ 25, 26 തീയതികളിൽ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയും ഗൃഹമന്ത്രി ശ്രീ നരസിംഹറാവുവും പാർലമെൻറിൽ ചെയ്ത പ്രസ്താവനകളിൽനിന്നു്, പഞ്ചാബിലെ ഭീകരപ്രസ്ഥാനത്തെ അടിച്ചമർത്തുവാൻ കേന്ദ്രഗവണ്മെൻറ് ദൃഢനിശ്ചയം ചെയ്തിരിക്കുകയാണെന്നു വ്യക്തമായിട്ടുണ്ടു്. സുവർണക്ഷേത്രപരിസരങ്ങളിൽനിന്നോ പഞ്ചാബിൽനിന്നു മുഴവനായോ പട്ടാളത്തെ അടുത്തൊന്നും പിൻവലിക്കുമെന്നു കരുതേണ്ടതില്ല. അകാലിനേതാക്കളെ തടങ്കലിൽനിന്നു മോചിപ്പിക്കുകയോ അവരുമായി രാഷ്ട്രീയസംഭാഷണങ്ങൾ ആരംഭിക്കുകയോ ഉണ്ടാവില്ല. പട്ടാളനടപടിയ്ക്കിടയിൽ തകർന്നുപോയ അകാൽതഖ്തിൽ നിഹാംഗ് തലവനായ ബാബാ സന്തസിംഹ് ആരംഭിച്ചിട്ടുള്ള 'കാർസേവ' —ശ്രമദാനപ്രവർത്തനം—തുടർന്നുപോവും. ശിരോമണി ഗുരുദ്വാരാ പ്രബന്ധക് സമിതി രൂപവല്ക്കരിക്കുന്നതിനു് ആസ്പദമായ നിയമം ഭേദഗതിചെയ്യാനും സാദ്ധ്യതയുണ്ടു്.

ഗവണ്മെൻറുമായി പ്രയോജനകരമായ ഏതെങ്കിലും സംഭാഷണത്തിലേർപ്പെടാൻ അകാലികൾ ഇപ്പോഴും തയ്യാറല്ല. കേന്ദ്രഗവണ്മെൻറു്, ഫലത്തിൽ ഇല്ലാതാവണമെന്നും, പഞ്ചാബിനുപുറമെ ഹരിയാനയിലെയും ഹിമാലയപ്രദേശിലെയും ദൽഹിയിലെയും മററും (ഏതെല്ലാം സ്ഥലങ്ങളെന്നു് അകാലികൾ ഇനിയും വ്യക്തമാക്കിയിട്ടില്ല. എപ്പോൾ വേണമെങ്കിലും മാററാവുന്ന വിധത്തിൽ അതു് അവ്യക്തമായി വിട്ടിട്ടേ ഉള്ളൂ.) സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു സിഖ്സ്റ്റേററ് വിപുലമായ അധികാരങ്ങളോടെ സ്ഥാപിക്കണമെന്നും ആവശ്യപ്പെടുന്ന 'ആനന്ദ്പുർ സാഹിബ്'' പ്രമേയത്തിലാണു് അവർ ഇപ്പോഴും ഊന്നിനിൽക്കുന്നതു്. സുവർണക്ഷേത്രത്തെയും മററു ഗുരുദ്വാരകളെയും ആയുധപ്പുരകളും ഭീകരപ്രവർത്തനകേന്ദ്രങ്ങളുമാക്കി മാററുന്നതിനു കൂട്ടുനിന്ന ശിരോമണി ഗുരുദ്വാരാപ്രബന്ധക് സമിതിക്കു് ഈ മതസ്ഥാപനങ്ങളെ തിരിച്ചേൽപ്പിച്ചു കൊടുത്തു സൈന്യം അവിടെനിന്നെല്ലാം ഉടൻ പിന്മാറണമെന്നതാണു് അവരുടെ ആവശ്യം. സുവർണക്ഷേത്രപരിസരത്തിൽനിന്നു സൈന്യം പിന്മാറുംവരെ, അകാൽതഖ്തിൻെറ അററകുററപ്പണികൾ നടത്തരുതെന്നു് അവർ ശഠിക്കുന്നു. ഒരിക്കലും അററകുററപ്പണികൾ നടത്താതെ പരേതനായ ഭിന്ദ്രൻവാലയുടെ സ്മാരകമായി, ശവകുടീരമായി, തകർന്ന അകാൽതഖ്ത് അങ്ങനെതന്നെ സൂക്ഷിക്കുകയും, അതുവഴി സിഖ്കാരുടെ രോഷം കേന്ദ്രഗവണ്മെൻറിനെതിരെ സ്ഥിരമായി ജ്വലിപ്പിച്ചുനിർത്തുകയുമായിരുന്നു അവരുടെ ലക്ഷ്യമെന്നും ഏറെക്കുറെ വ്യക്തമായിട്ടുണ്ടു്. അററകുററപ്പണികൾ ഏറെറടുത്ത ബാബയ്ക്കു് അവർ മതഭ്രഷ്ടും വിലക്കും കല്പിച്ചിരിക്കുന്നു. അററകുററപ്പണികൾ നടത്താൻ മുന്നിട്ടുവന്ന വൃദ്ധനായ ബാബാ

ഖരക്സിംഹനെ അവർ ആദ്യം തടഞ്ഞു. ഇപ്പോഴും, പണി എങ്ങനെയും നടക്കുമെന്ന് ഉറപ്പായപ്പോൾ, അതിൽ കുഴപ്പമുണ്ടാക്കാൻ ഖരക്സിംഹനെ വീണ്ടും ഉന്തിവിട്ടിരിക്കുകയുമാണ്. നടക്കുന്ന അററകുററപ്പണികൾ തടയുന്നതിനായി, സ്ത്രീകളടക്കമുള്ള ചാവേറ്റ്പടകളെ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി സുവർണ്ണക്ഷേത്രത്തിലേക്ക് അവർ അയയ്ക്കുന്നുമുണ്ട്. ഈ പരിതഃസ്ഥിതിയിൽ അകാലിനേതാക്കളെ തടങ്ങലിൽനിന്നു വിട്ടയയ്ക്കുക കേന്ദ്രഗവണ്മെൻറിനു സാദ്ധ്യമല്ല. സംഭാഷണത്തിന് അകാലികൾ സന്നദ്ധരുമല്ല.

പഞ്ചാബിൽനിന്നു മുഴുവനായും, അമൃത്സറിൽനിന്നു പ്രത്യേകിച്ചും പട്ടാളത്തെ പിൻവലിക്കുകയും അസാദ്ധ്യംതന്നെയാണ്. ഭീകരപ്രവർത്തകർ പഞ്ചാബിൽ പലേടത്തും പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ യുദ്ധകാലത്ത് നാസികൾ കീഴടക്കിയ യുക്രെയിൻപ്രദേശങ്ങളിൽ റഷ്യക്കാർ നടത്തിയതുപോലുള്ള 'മണ്ണു ചുട്ടുകരിക്കൽ പരിപാടി' നടപ്പിലാക്കാനാണ് ഇപ്പോൾ അവരുടെ ശ്രമം. ഭാക്ഡാകനാലിൽ ജൂൺ 6—ാം തീയതിയും ജൂലൈ 21—ാം തീയതിയും നടന്ന വൻതോതിലുള്ള അട്ടിമറികൾ കാണിക്കുന്നതു് ഈ വസ്തുതയാണ്. ദില്ലിയിൽനിന്ന് ഏതാണ്ട് മുന്നൂററിയിരുപതോളം കിലോമീററർ അകലെ, ഹിമാലയത്തിന്റെ അടിക്കുന്നുകൾക്കിടയിൽ, രണ്ടുമേഖലകൾക്കിടയിലൂടെ ഒഴുകുന്ന സത്ലജ്നദിക്കു കുറുകെ കെട്ടിയ ഭാക്ഡാ അണക്കെട്ട് ഇന്ത്യയിലെ മാത്രമല്ല ലോകത്തിലെതന്നെ ഏററവും വലിയ നദീതടപദ്ധതികളിൽ ഒന്നിന്റെ മുഖ്യഭാഗമാകുന്നു. അഞ്ഞൂററിപ്പതിനെട്ടുമീററർ നീളവും ഇരുന്നൂററിയിരുപത്താറുമീററർ ഉയരവുമുള്ള ക്ലററൻ ഭാക്ഡാഅണക്കെട്ട്, പന്ത്രണ്ടു കിലോമീററർ താഴെ നംഗലിൽ മറെറാരു അണക്കെട്ട്, അറുപത്തിനാലു കിലോമീററർ നീണ്ട നംഗൽ ഹൈഡൽ ചാനൽ, ഭാക്ഡയിൽ രണ്ടും നംഗൽ ചാനലിൽ ഗംഗുവാലിലും കോട്ലയിലുമായി രണ്ടും ചേർന്ന് നാലു വലിയ വൈദ്യുതോല്പാദനനിലയങ്ങൾ, 1110 കിലോമീററർ നീളമുള്ള മുഖ്യജലസേചനത്തോട്, 3400 കിലോമീററർ നീളത്തിലുള്ള ജലസേചന ശാഖത്തോടുകൾ—'നവീനഭാരതത്തിന്റെ ദേവാലയ'മെന്നു് ജവാഹർലാൽനെഹ്റു വിവരിച്ച ഈ പദ്ധതി പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്കും ദില്ലിക്കും ദിവസേന രണ്ടു കോടിക്കും മൂന്നു കോടിക്കും ഇടയ്ക്കു യൂണിററ് വിദ്യുച്ഛക്തിയും പതിനാലര ലക്ഷത്തിലേറെ കൃഷിഭൂമിയിൽ നനയ്ക്കാനും കോടിക്കണക്കിനാളുകൾക്കു കുടിക്കാനും വേണ്ട വെള്ളവും നൽകുന്നു. ഈ പദ്ധതി തകരാറിലാക്കുകയും, കഴിയുമെങ്കിൽ തകർക്കുകയുമാണു ഭീകരന്മാരുടെ ഇപ്പോഴത്തെ ലക്ഷ്യമെന്നു വെളിവായിട്ടുണ്ട്. ഈ ചുററുപാടിൽ അമൃത്സറിൽനിന്നോ പഞ്ചാബിൽനിന്ന് ആകെത്തന്നെയോ പട്ടാളത്തെ പിൻവലിക്കുക എന്നതു് ആത്മഹത്യാപരമായിരിക്കും.

പഞ്ചാബിനകത്തു നടക്കുന്ന അട്ടിമറിപ്രവർത്തനങ്ങളെയെന്നപോലെ വിദേശരാജ്യങ്ങളിൽ നടത്തുന്ന രാഷ്ട്രവിരുദ്ധപ്രചാരവേലകളെയും കേന്ദ്രസർക്കാർ നേരിടേണ്ടതുണ്ട്. പഞ്ചാബിലെ മനുഷ്യാവകാശലംഘനങ്ങളെപ്പററി അന്വേഷിക്കാൻ പുറപ്പെട്ട ബ്രിട്ടനിലെ പാർലമെൻറംഗങ്ങളുടെ ഒരു സംഘത്തിനു് ഇന്ത്യയിൽ കടക്കാനുള്ള അനുവാദം ഇന്ത്യാഗവണ്മെൻറ് ഈയിടെ നിഷേധിക്കുകയുണ്ടായി. ഇന്ത്യ ഇപ്പോഴും ഒരു ബ്രിട്ടീഷ്കോളനിയാണെന്ന ധാരണയാണ് ഈ ബ്രിട്ടീഷ് എം. പി. മാർക്കുള്ളതു് എന്നു തോന്നുന്നു. ഖാലിസ്ഥാൻവാദികൾ ന്യൂയോർക്കിൽ വിളിച്ചുകൂട്ടിയ ഒരു പൊതുസമ്മേളനത്തിൽ അമേരിക്കയിലെ ഒരു മുൻ നിയമസഭാംഗം സക്രിയമായി സംബന്ധിച്ചിരുന്നു. ഇന്ത്യയിൽ നടത്തിയ കൊലപാതകങ്ങളുടെ പേരിൽ കോടതി അന്വേഷിച്ചിരുന്ന ഒരു

അടവുപുള്ളിയെ സാധാരണനിയമമനുസരിച്ച് ഇന്ത്യയിലേക്ക് അയയ്ക്കാമെന്ന് ഏററതിനുശേഷം പടിഞ്ഞാറെ ജർമനി, മുൻതീരുമാനം മാററി ജയിലിൽനിന്നു വിട്ട്, കാനഡയിലേക്കു രക്ഷപ്പെടാൻ അനുവദിക്കുകയുണ്ടായി. ഈ സംഭവങ്ങളെല്ലാം കാണിക്കുന്നതു് അമേരിക്കൻ ചേരിയിൽപ്പെട്ട രാജ്യങ്ങളിൽ പഞ്ചാബ്പ്രശ്നത്തിൻെറ പേരിൽ ഇന്ത്യയ്ക്കെതിരായ പ്രചാരവേല ശക്തിപ്പെടുമെന്നും, ഐക്യരാഷ്ട്രസഭയിൽത്തന്നെ ഇതൊരു വിവാദവിഷയമായേക്കാമെന്നുമാണ്. ഭീകരപ്രവർത്തകർ ഇന്ത്യയ്ക്കുള്ളിൽ അട്ടിമറി നടത്തിക്കൊണ്ടിരിക്കെ, ഖാലിസ്ഥാൻവാദികൾ അന്താരാഷ്ട്രീയരംഗത്തു് ഇന്ത്യാഗവൺമെൻറിനെ അലോസരപ്പെടുത്താനും നാണംകെടുത്താനും ശ്രമിച്ചുകൊണ്ടിരിക്കും. അതിനു് അവർക്കു് ഉയർന്നതലങ്ങളിൽനിന്നു സഹായം ലഭിക്കുകയുംചെയ്യും.

പഞ്ചാബ് ലഹളയുടെ ഗൗരവം ഇന്ത്യയ്ക്കകത്തുതന്നെ ഇനിയും വേണ്ടത്ര മനസ്സിലാക്കപ്പെട്ടിട്ടുണ്ടോ എന്നു സംശയമാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യ നേരിടേണ്ടിവന്ന ഏററവും നിർഭാഗ്യകരമായ വിപത്തായിരുന്നു ഈ കലാപം. ഒരു ആഭ്യന്തരയുദ്ധം എന്നു നാം അതിനെ വിളിക്കുന്നില്ലെങ്കിലും, ഏതാണ്ടു് ഒരു ആഭ്യന്തരയുദ്ധംതന്നെയായിരുന്നു അതു്. ഒരു ലക്ഷത്തോളം പട്ടാളക്കാരെ ഈ കലാപം അമർച്ചചെയ്യുന്നതിനായി പഞ്ചാബിലേക്കു നിയോഗിച്ചിരുന്നു. കലാപത്തിൻഫലമായി പഞ്ചാബിലുണ്ടായ സാമ്പത്തികനഷ്ടം ആയിരംകോടി രൂപയിൽ അധികമായിരിക്കും. മരണം നാലായിരത്തോളമേ ഉണ്ടായുള്ളൂ ദൈവത്തിനു സ്തുതി. കലാപത്തിലടങ്ങിയ പ്രശ്നമാകട്ടെ, ഇന്ത്യ എന്ന രാഷ്ട്രം നിലനിൽക്കണമോ എന്നതായിരുന്നുതാനും.

ഈ അടിസ്ഥാനപ്രശ്നത്തിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ടുള്ള ഒരു പരിഹാരവും പഞ്ചാബ്കുഴപ്പത്തിനു് സ്വീകാര്യമല്ല. പ്രശ്നത്തിൻെറ ഗൗരവം മനസ്സിലാക്കാതെ, അടുത്ത തെരഞ്ഞെടുപ്പിൽ ഏതാനും വോട്ടുകൾ നേടുന്നതിനു് ഒരു തഞ്ചമായി പഞ്ചാബ് കുഴപ്പത്തെ കൈകാര്യംചെയ്യുന്നവർ ഏതു കക്ഷിയിൽപ്പെട്ടവരായാലും, കടുത്ത രാജ്യദ്രോഹമാണു പ്രവർത്തിക്കുന്നതു്. അവരുടെ തനിനിറം ജനങ്ങൾ കാണേണ്ടിയിരിക്കുന്നു. അഭിപ്രായഭേദം വിസ്മരിച്ചു് ഈ പ്രശ്നത്തിൽ കേന്ദ്രഗവൺമെൻറ് കൈക്കൊള്ളുന്ന നടപടികൾക്കു പിന്തുണ നൽകുകയാണ് ഓരോ ദേശാഭിമാനിയുടെയും കടമ.

(31 ജൂലൈ, 1984)

# 24. രാഷ്ട്രപതിയെ അഭിനന്ദിക്കുക!

പഞ്ചാബിലെ പ്രക്ഷോഭം ഇനിയും കെട്ടടങ്ങിയിട്ടില്ല. സുവർണക്ഷേത്രവും അതോടനുബന്ധിച്ചുള്ള കെട്ടിടങ്ങളും പുരോഹിതന്മാരിലൂടെ ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിക്കു കൈമാറുകയും അവയിൽനിന്നു് പട്ടാളം ഒഴിഞ്ഞുപോരുകയും ചെയ്തിരിക്കുന്നു. തങ്ങളുടെ ആരാധനാകേന്ദ്രങ്ങൾ പട്ടാളത്തിൻെറ കൈവശമാണെന്ന ഖേദവും രോഷവും സിഖുകാർക്കു് ഇനി ഉണ്ടാകേണ്ടതില്ല മതത്തിൻെറ പേരിൽ തങ്ങൾക്കെതിരെ വിവേചനം ആചരിക്കപ്പെടുന്നു എന്ന ആക്ഷേപം ഇപ്പോൾ സിഖ്കാർക്കു് ഉന്നയിക്കാനില്ല. അതിനാൽ, പഞ്ചാബ്സംസ്ഥാനത്തിൻെറ പ്രശ്നങ്ങളെ ഒരു മതത്തിൻെറയോ ഒരു സമുദായത്തിൻെറയോ പ്രശ്നങ്ങളെന്ന നിലയിലല്ലാതെ തികച്ചും രാഷ്ട്രീയപ്രശ്നങ്ങളെന്ന നില